പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## തൊഴിലുറപ്പു തൊഴിലാളികളുടെ കൂലികുടിശ്ശിക

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1328

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>,, കെ. കുഞ്ഞിരാമൻ(ഉദുമ)<br>,, എസ്. രാജേന്ദ്രൻ<br>,, കെ.കെ. നാരായണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് 2013-14 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ടകൂലി കുടിശ്ശിക; എത്രയെന്ന് വിശദമാക്കാമോ; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ 31.03.2014 വരെ 429 കോടി രൂപ കൂലി കുടിശ്ശികയുണ്ടായിരുന്നു. |
| (ബി) | പ്രസ്തുത തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (ബി) | ഈ തുക ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ നൽകിയ 2014-15 വർഷത്തെ ആദ്യഗഡുവിൽ നിന്നും കുടിശ്ശിക തുക 398 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. |
| (സി) | കൂലി നൽകാൻ കഴിയാതെ വന്നപ്പോൾ മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി കൂലി നൽകാൻ ഗ്രാമ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ത്രിതല പഞ്ചായത്തുകളിൽ, 2014 മാർച്ച് 31 വരെ ചെലവാകാൻ സാധ്യതയില്ലാത്ത അവശേഷിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗ്യാരണ്ടി ഫണ്ട് അക്കൗണ്ടിൽ സമാഹരിച്ച് തൊഴിലാളികൾക്കുള്ള അവിദഗ്ദ്ധ വേതനം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (eFMS) വഴി വിതരണം ചെയ്യുകയുണ്ടായി. |
| (ഡി) | അപ്രകാരം പഞ്ചായത്തുകൾ വകമാറ്റി നൽകിയ തുകയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ; | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | പഞ്ചായത്തുകൾ നൽകിയ തുക തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പഞ്ചായത്തുകൾ നൽകിയ തുക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## District wise details of Maintenance grant transferred to SEGF from PRIs

| Sl.No | District | Amount received from PRIs (Rs.) |
|---|---|---|
| 1 | PALAKKAD | 133352744 |
| 2 | WAYANAD | 34967931 |
| 3 | IDUKKI | 25574148 |
| 4 | KASARGOD | 63520411 |
| 5 | ALAPPUZHA | 87570787 |
| 6 | ERNAKULAM | 115183914 |
| 7 | KANNUR | 95191976 |
| 8 | KOLLAM | 96150347 |
| 9 | KOTTAYAM | 65068943 |
| 10 | KOZHIKODE | 56529695 |
| 11 | MALAPPURAM | 81429178 |
| 12 | PATHANAMTHITTA | 53711135 |
| 13 | THIRUVANANTHAPURAM | 99136402 |
| 14 | THRISSUR | 143885313 |
| **TOTAL** | | **1151272924** |